**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4553** **10-08-2021 - ൽ മറുപടിയ്ക്ക്**

**സാമൂഹ്യ നീതി വകുപ്പിന് കീഴിൽ ലഭ്യമാകുന്ന സേവനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എൻ എ നെല്ലിക്കുന്ന് | | Dr. R. Bindu<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | സാമൂഹ്യ നീതി വകുപ്പിന് കീഴിൽ ഒരുക്കിയിട്ടുള്ള സംവിധാനങ്ങളും സജ്ജീകരണങ്ങളും ജില്ല തിരിച്ച് വ്യക്തമാക്കാമോ; | (എ) | വിശദാംശം അനുബന്ധം I ആയി ചേർക്കുന്നു. |
| (ബി) | സാമൂഹ്യ നീതി വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ, സ്റ്റാഫ്, അവിടെ നിന്ന് ലഭ്യമാകുന്ന സേവനങ്ങൾ എന്നിവ സംബന്ധിച്ച വിശദാംശം ജില്ല തിരിച്ച് വ്യക്തമാക്കാമോ? | (ബി) | വിശദാംശം അനുബന്ധം II ആയി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം I**

സാമൂഹ്യനീതി വകുപ്പിന് കീഴിലുള്ള സംവിധാനം ജില്ല തിരിച്ച് ചുവടെ ചേർക്കുന്നു.

| ജില്ല | ഓഫീസുകൾ | ക്ഷേമ സ്ഥാപനങ്ങൾ |
|---|---|---|
| തിരുവനന്തപുരം | | |
| | സാമൂഹ്യനീതി ഡയറക്ടറേറ്റ് | Asha Bhavan (Men), Thiruvananthapuram |
| | ജില്ലാ സാമൂഹ്യനീതി ഓഫീസ് | Asha Bhavan (Women), Thiruvananthapuram |
| | പ്രോബേഷൻ ഓഫീസ് തിരുവനന്തപുരം | Home for Physically Handicapped, Thiruvananthapuram (Women) |
| | പ്രോബേഷൻ ഓഫീസ് ആറ്റിങ്ങൽ | Care Home,Pulayanarkotta, Thiruvananthapuram |
| | | Day Care Centre and Old Age Home (Women), Thiruvananthapuram |
| | | VTC Thiruvananthapuram |
| കൊല്ലം | ജില്ലാ സാമൂഹ്യനീതി ഓഫീസ് | Government Old Age Home, Kollam |
| | പ്രോബേഷൻ ഓഫീസ് | |
| പത്തനംതിട്ട | ജില്ലാ സാമൂഹ്യനീതി ഓഫീസ് | Government Old age Home,Pathanamthitta |
| | പ്രോബേഷൻ ഓഫീസ് | |
| ആലപ്പുഴ | ജില്ലാ സാമൂഹ്യനീതി ഓഫീസ് | Old Age Home for Physically Handicapped, Alappuzha |
| | പ്രോബേഷൻ ഓഫീസ് | Care Home for Disabled Children, Alappuzha |
| കോട്ടയം | ജില്ലാ സാമൂഹ്യനീതി ഓഫീസ് | Government Old Age Home, Kottayam |
| | പ്രോബേഷൻ ഓഫീസ് | |
| ഇടുക്കി | ജില്ലാ സാമൂഹ്യനീതി ഓഫീസ് | Old age Home for Physically Handicapped, Idukki |
| | പ്രോബേഷൻ ഓഫീസ് | |
| എറണാകുളം | ജില്ലാ സാമൂഹ്യനീതി ഓഫീസ് | Government Old Age Home, Ernakulam |

| | | |
|---|---|---|
| | പ്രോബേഷൻ ഓഫീസ് ഏറണാകുളം | Asha Bhavan (Men), Ernakulam |
| | പ്രോബേഷൻ ഓഫീസ് മൂവാറ്റുപുഴ | Home for Physically Handicapped (Women), Ernakulam |
| | | Govt. Oldage Home & Fulltime Dementia care Centre, Edavanakkad |
| തൃശ്ശൂർ | ജില്ലാ സാമൂഹ്യനീതി ഓഫീസ് | Asha Bhavan (Women), Thrissur |
| | പ്രോബേഷൻ ഓഫീസ് | Prathyasa Bhavan, Thrissur |
| | | Government Old age Home, Thrissur |
| പാലക്കാട് | ജില്ലാ സാമൂഹ്യനീതി ഓഫീസ് | Old age Home for Physically Handicapped and Aged, Palakkad |
| | പ്രോബേഷൻ ഓഫീസ് | |
| മലപ്പുറം | ജില്ലാ സാമൂഹ്യനീതി ഓഫീസ് | Government Old age Home, Malappuram |
| | പ്രോബേഷൻ ഓഫീസ് | Pratheeksha Bhavan, Malappuram |
| വയനാട് | ജില്ലാ സാമൂഹ്യനീതി ഓഫീസ് | Old Age Home for Physically Handicapped, Wayanad |
| | പ്രോബേഷൻ ഓഫീസ് | |
| കോഴിക്കോട് | ജില്ലാ സാമൂഹ്യനീതി ഓഫീസ് | Asha Bhavan (Women), Kozhikode |
| | പ്രോബേഷൻ ഓഫീസ് | Vocational Training Centre (VTC), Kozhikode |
| | | Home for Physically Handicapped (HPH), Kozhikode |
| | | Government Asha Bhavan (Men), Kozhikode |
| | | Home For Mentally Deficient Children (HMDC), Kozhikode |
| | | Government Old Age Home, Kozhikode |
| കണ്ണൂർ | ജില്ലാ സാമൂഹ്യനീതി ഓഫീസ് | Government Old Age Home, Kannur |

| | | |
|---|---|---|
| | പ്രോബേഷൻ ഓഫീസ് | |
| കാസർകോട് | ജില്ലാ സാമൂഹ്യനീതി ഓഫീസ് | Government Old Age Home, Kasargod |
| | പ്രോബേഷൻ ഓഫീസ് | |

## അനുബന്ധം II

## സാമൂഹ്യനീതി ഡയറക്ടറുടെ കാര്യാലയത്തിലെ ജീവനക്കാരുടെ വിവരം

| Sl. No | Name of Post | No. of Post |
|---|---|---|
| 1 | Director (IAS Cadre) | 1 |
| 2 | Additional Director | 1 |
| 3 | Joint Director | 1 |
| 4 | Assistant Director | 3 |
| 5 | Senior Superintendent | 4 |
| 6 | Junior Superintendent | 6 |
| 7 | Fair Copy Superintendent | 1 |
| 8 | Head Accountant/Head Clerk | 1 |
| 9 | Senior Clerk/Clerk | 27 |
| 10 | Clerk | 8 |
| 11 | Clerk-Typist | 2 |
| 12 | Confidential Assistant | 2 |
| 13 | Typist | 6 |
| 14 | Driver | 5 |
| 15 | Office Attendant | 11 |
| 16 | Watchman | 1 |
| 17 | Clerical Attender | 2 |
| 18 | Binder | 1 |
| 19 | Attender | 1 |
| 20 | Part Time Sweeper | 1 |
| 21 | Finance Officer (Personnel from other Department) | 1 |
| 22 | Administrative Officer (Personnel from other Department) | 1 |
| 23 | Law Officer (Personnel from other Department) | 1 |

**ജില്ലാ സാമൂഹ്യനീതി ഓഫീസിലെ ജീവനക്കാരുടെ വിവരം**

| | | SANCTIONED POST | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| Sl.No | DISTRICTS | DSJO | SS | JS | HA | TYPIST | SENIOR CLERK | CLERK | DRIVER | OA | PTS | TOTAL |
| 1 | THIRUVANANTHAPURAM | 1 | 1 | 1 | 1 | 1 | 1 | 1 | 1 | 1 | 1 | 10 |
| 2 | KOLLAM | 1 | 1 | 1 | 1 | 1 | 1 | 1 | 0 | 1 | 0 | 8 |
| 3 | PATHANAMTHITTA | 1 | 1 | 1 | 1 | 1 | 1 | 1 | 0 | 1 | 0 | 8 |
| 4 | ALAPPUZHA | 1 | 1 | 1 | 1 | 1 | 1 | 1 | 0 | 1 | 0 | 8 |
| 5 | KOTTAYAM | 1 | 1 | 1 | 1 | 1 | 1 | 1 | 0 | 1 | 1 | 9 |
| 6 | IDUKKI | 1 | 1 | 1 | 1 | 1 | 1 | 1 | 1 | 1 | 1 | 10 |
| 7 | ERNAKULAM | 1 | 1 | 1 | 1 | 1 | 1 | 1 | 1 | 1 | 0 | 9 |
| 8 | THRISSUR | 1 | 1 | 1 | 1 | 1 | 1 | 1 | 0 | 1 | 1 | 9 |
| 9 | PALAKKAD | 1 | 1 | 1 | 1 | 1 | 1 | 1 | 1 | 1 | 0 | 9 |
| 10 | MALAPPURAM | 1 | 1 | 1 | 1 | 1 | 1 | 1 | 0 | 1 | 1 | 9 |
| 11 | KOZHIKODE | 1 | 1 | 1 | 1 | 1 | 1 | 1 | 1 | 1 | 0 | 9 |
| 12 | WAYANADU | 1 | 1 | 1 | 1 | 1 | 1 | 1 | 1 | 1 | 1 | 10 |
| 13 | KANNUR | 1 | 1 | 1 | 1 | 1 | 1 | 1 | 0 | 1 | 1 | 9 |
| 14 | KASARGODU | 1 | 1 | 1 | 1 | 1 | 1 | 1 | 1 | 1 | 1 | 10 |

**പ്രോബേഷൻ ഓഫീസിലെ ജീവനക്കാരുടെ വിവരം.**

| SL.No. | Name of Office | Sanctioned Post | | | | | |
|---|---|---|---|---|---|---|---|
| | | Probation officer Gr-I | Probation Officer Gr -II | Clerk Typist | Office Attendant | PTS | Total |
| 1 | Probation Office, Thiruvananthapuram | 2 | 3 | 1 | 1 | 0 | 7 |
| 2 | Probation Office, Attingal | 0 | 1 | 1 | 1 | 1 | 4 |
| 3 | Probation Office, Kollam | 1 | 2 | 1 | 1 | 0 | 5 |
| 4 | Probation Office, Alappuzha | 1 | 2 | 1 | 1 | 1 | 6 |
| 5 | Probation Office, Pathanamthitta | 1 | 0 | 1 | 1 | 0 | 3 |
| 6 | Probation Office, Kottayam | 1 | 2 | 1 | 1 | 1 | 6 |
| 7 | Probation Office, Idukki | 1 | 1 | 1 | 1 | 1 | 5 |
| 8 | Probation Office, Ernakulam | 1 | 3 | 1 | 1 | 1 | 7 |
| 9 | Probation Office, Muvattupuzha | 0 | 1 | 1 | 1 | 1 | 4 |
| 10 | Probation Office, Thrissur | 2 | 2 | 1 | 1 | 0 | 6 |
| 11 | Probation Office, Palakkad | 1 | 2 | 1 | 1 | 1 | 6 |
| 12 | Probation Office, Malappuram | 1 | 1 | 1 | 1 | 1 | 5 |

| | | | | | | | |
|---|---|---|---|---|---|---|---|
| 13 | Probation Office, Kozhikode | 2 | 2 | 1 | 1 | 0 | 6 |
| 14 | Probation Office, Wayanad | 1 | 0 | 1 | 1 | 0 | 3 |
| 15 | Probation Office, Kannur | 1 | 1 | 1 | 1 | 1 | 5 |
| 16 | Probation Office, Kasargod | 1 | 0 | 1 | 1 | 0 | 3 |

**ക്ഷേമസ്ഥാപനം ഗ്രേഡ് I – ജീവനക്കാരുടെ വിവരം.**

| Sl. No | Name of Institution | SANCTIONED POST | | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | Superintendent Grade I | Special Teacher | Matron Gr. I | Clerk – Typist | Cook | Ayah | Office Attendant | Watchman | Watchwomen | Male Attendant | Female Attendant | PTS | Nursery Teacher | Social Educational Assistant | Total |
| 1 | Care Home Thiruvananthapuram | 1 | 0 | 1 | 1 | 2 | 4 | 1 | 2 | 0 | 2 | 0 | 0 | 0 | 0 | **14** |
| 2 | Old Age Home Kollam | 1 | 0 | 1 | 0 | 2 | 0 | 1 | 2 | 0 | 1 | 1 | 1 | 0 | 0 | **10** |
| 3 | Old Age Home Pathanamthitta | 1 | 0 | 1 | 0 | 2 | 0 | 1 | 2 | 0 | 1 | 1 | 0 | 0 | 0 | **9** |
| 4 | Old Age Home Kottayam | 1 | 0 | 1 | 0 | 2 | 0 | 1 | 1 | 0 | 1 | 1 | 0 | 0 | 0 | **8** |
| 5 | Old Age Home Ernakulam | 1 | 0 | 1 | 0 | 2 | 0 | 1 | 2 | 0 | 1 | 1 | 0 | 0 | 0 | **9** |
| 6 | Old Age Home Thrissur | 1 | 0 | 1 | 0 | 2 | 0 | 1 | 2 | 0 | 1 | 1 | 0 | 0 | 0 | **9** |
| 7 | Old Age Home Malappuram | 1 | 0 | 1 | 0 | 2 | 0 | 1 | 2 | 0 | 1 | 1 | 0 | 0 | 0 | **9** |
| 8 | Old Age Home Kozhikode | 1 | 0 | 1 | 0 | 2 | 0 | 1 | 2 | 0 | 1 | 1 | 1 | 0 | 0 | **10** |
| 9 | Old Age Home Kannur | 1 | 0 | 1 | 0 | 2 | 0 | 1 | 2 | 0 | 1 | 1 | 1 | 0 | 0 | **10** |
| 10 | Old Age Home Kasargod | 1 | 0 | 1 | 0 | 2 | 0 | 1 | 1 | 0 | 1 | 1 | 0 | 0 | 0 | **8** |
| 11 | Asha Bhavan (W) Thiruvananthapuram | 1 | 0 | 1 | 0 | 1 | 2 | 1 | 1 | 2 | 0 | 0 | 0 | 0 | 1 | **10** |
| 12 | Asha Bhavan (M) Ernakulam | 1 | 0 | 1 | 0 | 1 | 0 | 1 | 1 | 0 | 0 | 0 | 0 | 0 | 0 | **5** |

| | | | | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| 13 | Asha Bhavan (W) Thrissur | 1 | 0 | 0 | 0 | 1 | 2 | 1 | 1 | 2 | 0 | 0 | 0 | 0 | 0 | **8** |
| 14 | Asha Bhavan (W) Kozhikode | 1 | 0 | 0 | 0 | 1 | 2 | 1 | 1 | 2 | 0 | 0 | 1 | 0 | 0 | **9** |
| 15 | HPH Idukki(Men) | 1 | 0 | 0 | 0 | 1 | 4 | 1 | 1 | 0 | 0 | 0 | 1 | 0 | 0 | **9** |
| 16 | HPH Ernakulam (Women) | 1 | 0 | 0 | 0 | 1 | 1 | 1 | 0 | 2 | 0 | 0 | 0 | 0 | 0 | **6** |
| 17 | HPH Wayanad (Men) | 1 | 0 | 0 | 0 | 1 | 2 | 1 | 1 | 0 | 0 | 0 | 0 | 0 | 0 | **6** |
| 18 | HPH Kozhikode (Men) | 1 | 0 | 0 | 0 | 1 | 0 | 1 | 1 | 0 | 0 | 0 | 1 | 0 | 0 | **5** |
| 19 | Pratheesha Bhavan Malappuram | 1 | 0 | 0 | 0 | 1 | 2 | 1 | 1 | 0 | 1 | 0 | 1 | 0 | 0 | **8** |
| 20 | HMDC Kozhikode | 1 | 1 | 0 | 1 | 2 | 3 | 1 | 2 | 0 | 0 | 0 | 1 | 1 | 0 | **13** |

**ക്ഷേമസ്ഥാപനം ഗ്രേഡ് II – ജീവനക്കാരുടെ വിവരം.**

| Sl.No | Name of Institution | Sanctioned Post | | | | | | | |
|---|---|---|---|---|---|---|---|---|---|
| | | Superintendent Grade –II | Cook | Ayah | Office Attendent | Watchman | PTS | House Master | Total |
| 1 | Asha Bhavan (M) Trivandrum | 1 | 1 | 2 | 1 | 1 | 0 | 0 | 6 |
| 2 | Asha Bhavan (M) Kozhikode | 1 | 2 | 0 | 1 | 1 | 0 | 1 | 6 |
| 3 | HPH, Alappuzha | 1 | 1 | 2 | 1 | 1 | 1 | 0 | 7 |
| 4 | HPH, Palakkad | 1 | 1 | 2 | 1 | 1 | 0 | 0 | 6 |
| 5 | CHDC Alappuzha | 1 | 1 | 1 | 1 | 1 | 1 | 0 | 6 |

**ക്ഷേമസ്ഥാപനം ഗ്രേഡ് III– ജീവനക്കാരുടെ വിവരം.**

| Sl. NO | NAME OF INSTITUTION | SANCTIONED POST | | | | | | | |
|---|---|---|---|---|---|---|---|---|---|
| | | SUPERINTENDENT GRADE III | MATRON | COOK | AYAH | OFFICE ATTENDENT | WATCHWOMEN | PART TIME TAILORING INSTRUCTOR | TOTAL |
| 1 | HPH FOR WOMEN TRIVANDRUM | 1 | 0 | 1 | 1 | 1 | 1 | 1 | 6 |
| 2 | DAY CARE CENTRE FOR THE AGED WOMEN TRIVANDRUM | 1 | 1 | 1 | 2 | 1 | 1 | 0 | 7 |
| 3 | PRATHYASA BHAVAN | 1 | 0 | 1 | 2 | 1 | 1 | 0 | 6 |

| | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|
| | THRISSUR | | | | | | | | | |

## തൊഴിൽ പരിശീലന കേന്ദ്രങ്ങൾ (VTC)-ജീവനക്കാരുടെ വിവരം.

| SL.NO | NAME OF OFFICE | SUPERVISOR | SENIOR INSTRUCTOR | BOOK BINDING INSTRUCTOR | TAILORING & EMPROIDARY INSTRUCTOR | OFFICE ATTENDANT | INSTRUCTOR LEATHER WORKS | SOCIAL SCIENTIST | PTS | INSTRUCTOR PLASTIC WORKS | INSTRUCTOR POTTERY & MAT WEAVING | INSTRUCTOR PRINTING | TOTAL |
|---|---|---|---|---|---|---|---|---|---|---|---|---|---|
| 1 | VTC THIRUVANANTHAPURAM | 1 | 1 | 1 | 1 | 1 | 0 | 1 | 1 | 0 | 0 | 1 | 8 |
| 2 | VTC KOZHIKODE | 1 | 0 | 1 | 0 | 1 | 1 | 0 | 1 | 1 | 1 | 0 | 7 |

## സാമൂഹ്യനീതി ഡയറക്ടറേറ്റും അതിനു കീഴിലുള്ള ഓഫീസുകൾ വഴിയും ലഭിക്കുന്ന സേവനങ്ങൾ

| ക്രമനം | സേവനം | നിയുക്ത ഉദ്യോഗ-സ്ഥൻ | സമയ പരിധി | ഒന്നാം അപ്പീൽ അധികാരി | രണ്ടാം അപ്പീൽ അധികാരി |
|---|---|---|---|---|---|
| 1 | 1995 ലെ വൈകല്യങ്ങളുള്ള ആളുകൾ (തുല്യ അവസരങ്ങളും അവകാശ സംര-ക്ഷണവും പൂർണ്ണ പങ്കാളിത്തവും) ആക്റ്റ് (1996 ലെ 1-ാം കേന്ദ്ര ആക്റ്റ്) പ്രകാരമുള്ള സ്ഥാപനങ്ങൾക്കുള്ള അംഗീകാരം.(PWD രജിസ്ട്രേഷൻ) | സാമൂഹ്യ നീതി ജോയിന്റ് ഡയറക്ടർ | ജില്ലാ സാമൂ-ഹ്യനീതി ഓഫീസർ 45 ദിവസ-ത്തിനകം അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിയ്ക്കുന്നു .ജോയിന്റ് ഡയറക്ടർ 30 ദിവസ-ത്തിനകം നടപടി പൂർത്തായാക്കുന്നു. | സാമൂഹ്യനീതി അഡീഷണൽ ഡയറക്ടർ | സാമൂഹ്യനീതി ഡയറക്ടർ |
| 2 | പട്ടിക വിഭാഗ-ത്തിൽപ്പെടാത്ത മിശ്ര | ജില്ലാ സാമൂഹ്യനീതി | ഡിസംബർ മാസം വരെ | അസിസ്റ്റന്റ് ഡയറക്ടർ | സാമൂഹ്യ നീതി |

| | | | | | |
|---|---|---|---|---|---|
| | വിവാഹി-തർക്കുള്ള ധനസഹായം ( വിവാഹ രജിസ്ട്രേഷൻ കഴിഞ്ഞ് ഒരു വർഷത്തിനു ശേഷവും മൂന്ന് വർഷത്തിനകവും ഉള്ളവർക്ക്) | ഓഫീസർ | ലഭിയ്ക്കുന്ന അപേക്ഷകൾക്ക് അതേ സാമ്പത്തിക വർഷത്തിൽ തുക അനുവദിയ്ക്കുന്നു. | | ഡയറക്ടർ |
| 3 | പ്രൊബേഷണർ-മാർ , മുൻ കുറ്റവാളികൾ എന്നിവർക്ക് സ്വയം തൊഴിൽ ധനസഹായം | പ്രൊബേഷൻ ഓഫീസർ | ഫെബ്രുവരി മാസം വരെ ലഭിയ്ക്കുന്ന അപേക്ഷകൾക്ക്അതാത് സാമ്പത്തിക വർഷം | ജില്ലാ സാമൂഹ്യനീതി ഓഫീസർ | സാമൂഹ്യനീതി ഡയറക്ടർ |
| 4 | അതിക്രമങ്ങൾക്കിരയായവർക്കുള്ള ധനസഹായം | പ്രൊബേഷൻ ഓഫീസർ | ഫെബ്രുവരി മാസം വരെ ലഭ്യമാകുന്ന അപേക്ഷ-കൾക്ക് അതേ സാമ്പത്തിക വർഷത്തിൽ തുക അനുവദിയ്ക്കുന്നു. | ജില്ലാ സാമഹ്യനീതി ഓഫീസർ | സാമൂഹ്യനീതി ഡയറക്ടർ |
| 5 | തടവുകാരുടെ കുട്ടികൾക്കുള്ള വിദ്യാഭ്യാസ ധന സഹായം | സാമൂഹ്യനീതി ഡയറക്ടർ | ജയിൽ സൂപ്രണ്ടിന്റെ അപേക്ഷ ലഭിച്ച് 60 ദിവസത്തി-നകം ഡിമാൻഡ് ഡ്രാഫ്റ്റ് ജയിൽ സൂപ്രണ്ടിന് നൽകുന്നു. | അഡീഷണൽ സെക്രട്ടറി, സാമൂഹ്യനീതി വകുപ്പ് | സെക്രട്ടറി, സാമൂഹ്യനീതി വകുപ്പ് |
| 6 | തടവുകാരുടെ കുട്ടികൾക്കുള്ള പ്രൊഫഷണൽ വിദ്യാഭ്യാസ ധനസഹായം | സാമൂഹ്യനീതി ഡയറക്ടർ | ജയിൽ സൂപ്രണ്ടിന്റെ അപേക്ഷ ലഭിച്ച് 60 ദിവസത്തിനകം ഡിമാൻഡ് ഡ്രാഫ്റ്റ് ജയിൽ സൂപ്രണ്ടിന് | അഡീഷണൽ സെക്രട്ടറി, സാമൂഹ്യനീതി വകുപ്പ് | സെക്രട്ടറി, സാമൂഹ്യനീതി വകുപ്പ് |

| | | | | | |
|---|---|---|---|---|---|
| | | | നൽകുന്നു. | | |
| 7 | തടവുകാരുടെ ആശ്രിതർക്കുള്ള സ്വയം തൊഴിൽ ധനസഹായ പദ്ധതി | പ്രൊബേഷൻ ഓഫീസർ | അതാത് സാമ്പത്തിക വർഷം | സാമൂഹ്യനീതി അസിസ്റ്റന്റ് ഡയറക്ടർ | സാമൂഹ്യനീതി ഡയറക്ടർ |
| 8 | അതിക്രമത്തിന് ഇരയായവരുടെ മക്കൾക്കുള്ള വിദ്യാഭ്യാസ ധനസഹായ പദ്ധതി | പ്രൊബേഷൻ ഓഫീസർ | ഫെബ്രുവരി മാസം വരെ ലഭ്യമാകുന്ന അപേക്ഷകൾക്ക് അതേ സാമ്പത്തിക വർഷത്തിൽ തുക അനുവദിക്കുന്നു. | സാമൂഹ്യനീതി അസിസ്റ്റന്റ് ഡയറക്ടർ | സാമൂഹ്യനീതി ഡയറക്ടർ |
| 9 | കുറ്റകൃത്യങ്ങൾക്കിരയായി മരണപ്പെട്ടവരുടെ ആശ്രിതരുടെയും , ഗുരുതര പരിക്ക് പറ്റിയവരുടെയും പുനരധിവാസ പദ്ധതി | പ്രൊബേഷൻ ഓഫീസർ | ഫെബ്രുവരി മാസം വരെ ലഭ്യമാകുന്ന അപേക്ഷകൾക്ക് അതേ സാമ്പത്തിക വർഷത്തിൽ തുക അനുവദിക്കുന്നു. | സാമൂഹ്യനീതി അസിസ്റ്റന്റ് ഡയറക്ടർ | സാമൂഹ്യനീതി ഡയറക്ടർ |
| 10 | തടവുകാരുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായ പദ്ധതി | പ്രൊബേഷൻ ഓഫീസർ | ഫെബ്രുവരി മാസം വരെ ലഭ്യമാകുന്ന അപേക്ഷകൾക്ക് അതേ സാമ്പത്തിക വർഷത്തിൽ തുക അനുവദിക്കുന്നു. | സാമൂഹ്യനീതി അസിസ്റ്റന്റ് ഡയറക്ടർ | സാമൂഹ്യനീതി ഡയറക്ടർ |
| 11 | തണലിടം (പ്രൊബേഷൻ ഹോം) | സാമൂഹ്യനീതി ഡയറക്ടർ | ജയിൽ സൂപ്രണ്ട് /ജില്ലാ പ്രൊബേഷൻ ഓഫീസർ എന്നിവരുടെ ശുപാർശയുട ൊ അടിസ്ഥാനത്തിൽ ലഭ്യമാകുന്ന അപേക്ഷകൾ അതേ | അഡീഷണൽ സെക്രട്ടറി സാമൂഹ്യനീതി വകുപ്പ് | സെക്രട്ടറി സാമൂഹ്യനീതി വകുപ്പ്. |

| | | | | | |
|---|---|---|---|---|---|
| | | | സാമ്പത്തിക വർഷം തീർപ്പാക്കുന്നു. | | |
| 12 | മാനസികാരോഗ്യ കേന്ദ്രങ്ങളിൽ കഴിയുന്ന വിചാരണ തടവുകാരുടെയും കോടതി വിട്ടുതൽ ചെയ്തിട്ടും മാനസികാരോഗ്യ കേന്ദ്രങ്ങളിൽ കഴിയുന്നവരുടെയും പുനരധിവാസ പദ്ധതി | സാമൂഹ്യനീതി ഡറക്ടർ | അപേക്ഷകൾ അതേ സാമ്പത്തിക വർഷം തീർപ്പാക്കുന്നു. | അഡീഷണൽ സെക്രട്ടറി സാമൂഹ്യനീതി വകുപ്പ് | സെക്രട്ടറി സാമൂഹ്യനീതി വകുപ്പ് |
| 13 | ദുർബല ജന വിഭാഗങ്ങൾക്ക് സുരക്ഷിതത്വം നൽകുന്ന പദ്ധതി | ജില്ലാ സാമൂഹ്യനീതി ഓഫീസർ | ഡിസംബർ 31 നകം കിട്ടുന്ന അപേക്ഷകൾ സാമ്പത്തിക വർഷത്തിനുള്ളിൽ തന്നെ തീർപ്പാക്കുന്നു. | സാമൂഹ്യനീതി അസിസ്റ്റന്റ് ഡയറക്ടർ | സാമൂഹ്യനീതി ഡയറക്ടർ. |
| 14 | ട്രാൻസ് ജെൻഡർ വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് | സാമൂഹ്യനീതി ഡയറക്ടർ | അതാത് സാമ്പത്തിക വർഷം | അഡീഷണൽ സെക്രട്ടറി , സാമൂഹ്യനീതി വകുപ്പ് | സെക്രട്ടറി സാമൂഹ്യ നീതി വകുപ്പ് |
| 15 | ട്രാൻസ് ജെൻഡർ വിദ്യാർത്ഥികൾക്കുള്ള ഹോസ്റ്റൽ സൌകര്യം | സാമൂഹ്യനീതി ഡയറക്ടർ | അതാത് സാമ്പത്തിക വർഷം | അഡീഷണൽ സെക്രട്ടറി , സാമൂഹ്യനീതി വകുപ്പ് | സെക്രട്ടറി സാമൂഹ്യ നീതി വകുപ്പ് |
| 16 | സഫലം പദ്ധതി– ഡിഗ്രി/ഡിപ്ലോമ തലത്തിലുള്ള പ്രൊഫഷണൽ കോഴ്സ് പഠിക്കുന്നതിനായി ട്രാൻസ് ജെൻഡർ വിദ്യാർത്ഥികൾക്കുള്ള ധനസഹായം | സാമൂഹ്യനീതി ഡയറക്ടർ | അപേക്ഷകൾ അതേ സാമ്പത്തിക വർഷം തീർപ്പാക്കുന്നു. | അഡീഷണൽ സെക്രട്ടറി , സാമൂഹ്യനീതി വകുപ്പ് | സെക്രട്ടറി സാമൂഹ്യ നീതി വകുപ്പ് |
| 17 | ട്രാൻസ് ജെൻഡർ ദമ്പതികൾക്കുള്ള വിവാഹ ധന സഹായ പദ്ധതി | സാമൂഹ്യനീതി ഡയറക്ടർ | അപേക്ഷകൾ അതേ സാമ്പത്തിക വർഷം | അഡീഷണൽ സെക്രട്ടറി , സാമൂഹ്യനീതി വകുപ്പ് | സെക്രട്ടറി സാമൂഹ്യ നീതി വകുപ്പ് |

| | | | | | |
|---|---|---|---|---|---|
| | | | തീർപ്പാക്കുന്നു . | | |
| 18 | ലിംഗമാറ്റ ശസ്ത്ര ക്രീയയ്ക്ക് വിധേയരാകുന്ന ട്രാൻസ് ജൻഡർ വ്യാക്തികൾക്കുള്ള സാമ്പത്തിക സഹായം. | സാമൂഹ്യനീതി ഡയറക്ടർ | അപേക്ഷകൾ അതേ സാമ്പത്തിക വർഷം തീർപ്പാക്കുന്നു . | അഡീഷണൽ സെക്രട്ടറി , സാമൂഹ്യനീതി വകുപ്പ് | സെക്രട്ടറി സാമൂഹ്യ നീതി വകുപ്പ് |
| 19 | ലിംഗമാറ്റ ശസത്രക്രിയയ്ക്ക് ശേഷം ട്രാൻസ് ജൻഡർ വ്യക്തികൾക്കുള്ള തുടർ ചികിത്സ ധനസഹായം. | സെക്രട്ടറി സാമൂഹ്യ നീതി വകുപ്പ് | അപേക്ഷകൾ അതേ സാമ്പത്തിക വർഷം തീർപ്പാക്കുന്നു . | അഡീഷണൽ സെക്രട്ടറി , സാമൂഹ്യനീതി വകുപ്പ് | സെക്രട്ടറി സാമൂഹ്യ നീതി വകുപ്പ് |
| 20 | വിവിധ തസ്തികകളിൽ ഉണ്ടാകുന്ന ഒഴിവുകൾ PSC യ്ക്ക് റിപ്പോർട്ട് ചെയ്യുന്നത്. | സാമൂഹ്യനീതി ഡയറക്ടർ | 15 ദിവസം | അഡീഷണൽ സെക്രട്ടറി, സാമൂഹ്യനീതി വകുപ്പ് | സെക്രട്ടറി സാമൂഹ്യനീതി വകുപ്പ്. |
| 21 | വിദ്യാകിരണം | ജില്ലാ സാമൂഹ്യനീതി ഓഫീസർ | 3 മാസം | സാമൂഹ്യനീതി അസിസ്റ്റന്റ് ഡയറക്ടർ | സാമൂഹ്യനീതി ഡയറക്ടർ |
| 22 | വിദ്യാ ജ്യോതി | ജില്ലാ സാമൂഹ്യനീതി ഓഫീസർ | 3 മാസം | സാമൂഹ്യനീതി അസിസ്റ്റന്റ് ഡയറക്ടർ | സാമൂഹ്യനീതി ഡയറക്ടർ |
| 23 | സ്വാശ്രയം | ജില്ലാ സാമൂഹ്യനീതി ഓഫീസർ | 3 മാസം | സാമൂഹ്യനീതി അസിസ്റ്റന്റ് ഡയറക് ർ | സാമൂഹ്യനീതി ഡയറക്ടർ |
| 24 | പരിരക്ഷ | ജില്ലാ സാമൂഹ്യനീതി ഓഫീസർ | 3 മാസം | സാമൂഹ്യനീതി അസിസ്റ്റന്റ് ഡയറക്ടർ | സാമൂഹ്യനീതി ഡയറക്ടർ |
| 25 | പരിണയം | ജില്ലാ സാമൂഹ്യനീതി ഡയറക്ടർ | 2 മാസം | സാമൂഹ്യനീതി അസിസ്റ്റന്റ് ഡയറക്ടർ | സാമൂഹ്യനീതി ഡയറക്ടർ |
| 26 | മാതൃജ്യോതി | ജില്ലാ സാമൂഹ്യനീതി ഓഫീസർ | 3 മാസം | സാമൂഹ്യനീതി അസിസ്റ്റന്റ് ഡയറക്ടർ | സാമൂഹ്യനീതി ഡയറക്ടർ |
| 27 | സ്കോളർഷിപ്പ് ഫോർ ഡിസ്റ്റൻസ് എഡ്യൂക്കേഷൻ | ജില്ലാ സാമൂഹ്യനീതി ഓഫീസർ | 3 മാസം | സാമൂഹ്യനീതി അസിസ്റ്റന്റ് ഡയറക്ടർ | സാമൂഹ്യനീതി ഡയറക്ടർ |
| 28 | വിജയാമൃതം | ജില്ലാ സാമൂഹ്യനീതി ഓഫീസർ | 3 മാസം | സാമൂഹ്യനീതി അസിസ്റ്റന്റ് ഡയറക്ടർ | സാമൂഹ്യനീതി ഡയറക്ടർ |

| | | | | | |
|---|---|---|---|---|---|
| 29 | സഹചാരി | ജില്ലാ സാമൂഹ്യനീതി ഓഫീസർ | 3 മാസം | സാമൂഹ്യനീതി അസിസ്റ്റന്റ് ഡയറക്ടർ | സാമൂഹ്യനീതി ഡയറക്ടർ |
| 30 | ഇംപ്രസ്റ്റ് മണി | ജില്ലാ സാമൂഹ്യനീതി ഓഫീസർ | 1 മാസം | സാമൂഹ്യനീതി അസിസ്റ്റന്റ് ഡയറക്ടർ | സാമൂഹ്യനീതി ഡയറക്ടർ |
| 31 | ഭിന്ന ശേഷിക്കാർക്ക് സഹായ ഉപകരണ വിതരണം | ജില്ലാ സാമൂഹ്യനീതി ഓഫീസർ | 3 മാസം | സാമൂഹ്യനീതി അസിസ്റ്റന്റ് ഡയറക്ടർ | സാമൂഹ്യനീതി ഡയറക്ടർ |
| 32 | ഭിന്നശേഷി ദുരിതാശ്വാസ നിധിധന സഹായം | ജില്ലാ സാമൂഹ്യനീതി ഓഫസർ | 2 മാസം | സാമൂഹ്യനീതി അസിസ്റ്റന്റ് ഡയറക്ടർ | സാമൂഹ്യനീതി ഡയറക്ടർ |
| 33 | ഭിന്നശേഷി സ്കോളർഷിപ്പ് | ജില്ലാ സാമൂഹ്യനീതി ഓഫീസർ | 3 മാസം | സാമൂഹ്യനീതി അസിസ്റ്റന്റ് ഡയറക്ടർ | സാമൂഹ്യനീതി ഡയറക്ടർ |
| 34 | സൈക്കോ സോഷ്യൽ ഗ്രാന്റ് ഇൻ എയ്ഡ് പദ്ധതി | ജില്ലാ സാമൂഹ്യനീതി ഓഫീസർ | 3 മാസം | സാമൂഹ്യനീതി അസിസ്റ്റന്റ് ഡയറക്ടർ | സാമൂഹ്യനീതി ഡയറക്ടർ |
| 35 | അതിജീവനം സമഗ്ര പദ്ധതി | ജില്ലാ സാമഹ്യനീതി ഓഫീസർ | 3 മാസം | സാമൂഹ്യനീതി അസിസ്റ്റന്റ് ഡയറക്ടർ | സാമൂഹ്യനീതി ഡയറക്ടർ |
| 36 | പ്രത്യാശ പദ്ധതി | ജില്ലാ സാമൂഹ്യനീതി ഓഫീസർ | 2 മാസം | സാമൂഹ്യനീതി അസിസ്റ്റന്റ് ഡയറക്ടർ | സാമൂഹ്യനീതി ഡയറക്ടർ |
| 37 | കാഴ്ച വൈകല്യമുള്ള അഭിഭാഷകർക്ക് റീഡേഴ്സ് അലവൻസ്. | സാമൂഹ്യനീതി ഡയറക്ടർ | 2 മാസം | അഡീഷണൽ സെക്രട്ടറി , സാമൂഹ്യനീതി വകുപ്പ്. | സെക്രട്ടറി സാമൂഹ്യനീതി വകുപ്പ്. |
| 38 | നാഷണൽ ട്രസ്റ്റ് ഭിന്നശേഷിക്കാർക്കുള്ള നിരാമയ ഇൻഷ്വറൻസ് പദ്ധതി | ജില്ലാ സാമൂഹ്യനീതി ഓഫീസർ | 1 മാസം | സാമൂഹ്യനീതി അസിസ്റ്റന്റ് ഡയറക്ടർ | സാമൂഹ്യനീതി ഡയറക്ടർ |

## സാമൂഹ്യനീതി ഡയറക്ടറേറ്റിന് കീഴിലുള്ള ക്ഷേമസ്ഥാപനങ്ങൾ

| ക്രമ നം | സേവനം | നിയുക്ത ഉദ്യോഗസ്ഥൻ | സമയപരിധി | ഒന്നാം അപ്പീൽ അധികാരി | രണ്ടാം അപ്പീൽ അധികാരി |
|---|---|---|---|---|---|
| 1 | മാനസിക രോഗവിമുകതി നേടിയ അഗതികൾക്കുള്ള ആശാഭവനിലെ പ്രവേശനം | സൂപ്രണ്ട് | ഡിസ്ചാർജ്ജ് സർട്ടിഫിക്കറ്റ് ഹാജരാക്കിയാൽ ഉടൻ തന്നെ | ജില്ലാ സാമൂഹ്യനീതി ഓഫീസർ | സാമൂഹ്യനീതി ഡയറക്ടർ |

| | | | | | |
|---|---|---|---|---|---|
| 2 | വൃദ്ധ സദനങ്ങളിലെ പ്രവേശനം | സൂപ്രണ്ട് | അപേക്ഷിച്ചാൽ ഉടൻ തന്നെ | ജില്ലാ സാമൂഹ്യനീതി ഓഫീസർ | സാമൂഹ്യനീതി ഡയറക്ടർ |
| 3 | 4-നും 18 നും ഇടയ്ക്ക് പ്രായമുള്ള മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്കുള്ള പുണ്യ ഭവനിലെ പ്രവേശനം | സൂപ്രണ്ട് | ഉടൻ തന്നെ | ജില്ലാ സാമൂഹ്യനീതി ഓഫീസർ | സാമൂഹ്യനീതി ഡയറക്ടർ |
| 4 | ബുദ്ധി വൈകല്യമുള്ള പ്രായ പൂർത്തിയായ പുരുഷൻമാർക്കുള്ള പ്രത്യാശ ഭവനിലെ പ്രവേശനം | സൂപ്രണ്ട് | ഉടൻ തന്നെ | ജില്ലാ സാമൂഹ്യനീതി ഓഫീസർ | സാമൂഹ്യനീതി ഡയറക്ടർ. |
| 5 | ഭിന്നശേഷിക്കാരായ സ്ത്രീകൾക്കും പുരുഷൻമാർക്കുമുള്ള വികലാംഗ സദനത്തിലെ പ്രവേശനം | സൂപ്രണ്ട് | ഉടൻ തന്നെ | ജില്ലാ സാമൂഹ്യനീതി ഓഫീസർ | സാമൂഹ്യനീതി ഡയറക്ടർ |
| 6 | ഭിന്ന ശേഷിക്കാർക്കായുള്ള തൊഴിൽ പരിശീലന കേന്ദ്രങ്ങൾ | സൂപ്രണ്ട് | അനുവദനീയമായ സീറ്റുകളുടെ അടിസ്ഥാനത്തിൽ ഉടൻ തന്നെ | ജില്ലാ സാമൂഹ്യനീതി ഓഫീസർ | സാമൂഹ്യനീതി ഡയറക്ടർ |
| 7 | ബുദ്ധി വൈകല്യമുള്ള പ്രായ പൂർത്തിയായ സ്ത്രീകൾക്കുള്ള പ്രത്യാശ ഭവനിലെ പ്രവേശനം | സൂപ്രണ്ട് | ഉടൻ തന്നെ | ജില്ലാ സാമൂഹ്യനീതി ഡയറക്ടർ | സാമൂഹ്യനീതി ഡയറക്ടർ |

## <u>സാമൂഹ്യനീതി വകുപ്പ് ജില്ലാ സാമൂഹ്യ നീതി ഓഫീസുകൾ വഴി നടപ്പിലാക്കുന്ന വിവിധ ക്ഷേമ പദ്ധതികൾ</u>

### ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകുന്ന പദ്ധതി

ഒന്നാം ക്ലാസ്സ് മുതൽ പ്രൊഫഷണൽ / പിജി കോഴ്സുകൾക്ക് പഠിക്കുന്ന ഭിന്നശേഷിക്കാരായ കുട്ടികൾക്ക് സ്കോളർഷിപ്പ് നൽകുന്ന പദ്ധതി.

**വിദ്യാകിരണം പദ്ധതി**

ഭിന്നശേഷിക്കാരായ മാതാപിതാക്കളുടെ മക്കൾക്ക് ഒന്നാം ക്ലാസ്സ് മുതൽ പിജി /പ്രൊഫഷണൽ കോഴ്സുകൾക്ക് പഠിക്കുന്നതിനായി (സർക്കാർ/എയ്ഡഡ് സ്ഥാപനങ്ങളിലെ സർക്കാർ അംഗീകൃത കോഴ്സുകൾക്ക്) സ്കോളർഷിപ്പ് നൽകുന്ന പദ്ധതി.

**വിദ്യാജ്യോതി പദ്ധതി**

ഗവ./എയ്ഡഡ് സ്ഥാപനങ്ങളിൽ പഠിക്കുന്ന ഒമ്പതാം ക്ലാസ്സ് മുതൽ പി.ജി കോഴ്സ് വരെ 40 ശതമാനമോ അതിൽ കൂടുതലോ ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്ക് യൂണിഫോം, പഠനോപകരണങ്ങൾ എന്നിവ വാങ്ങുന്നതിനുള്ള ധനസഹായം നൽകുന്ന പദ്ധതി.

**ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് തുല്യതാ പരീക്ഷ എഴുതുന്നതിനുള്ള ധനസഹായ പദ്ധതി**

SSLC, +2 തുല്യതാ പരീക്ഷ എഴുതുന്നതിനായി ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് കോഴ്സ് ഫീസ്/പരീക്ഷാ ഫീസ് നൽകുന്ന പദ്ധതി. വിശദ വിവരങ്ങൾക്ക് ബന്ധപ്പെട്ട ജില്ലാ സാമൂഹ്യനീതി ഓഫീസറെ സമീപിക്കുക.

**മാതൃജ്യോതി പദ്ധതി**

കാഴ്ചവൈകല്യമുള്ള മാതാവിന് പ്രസവാനന്തരം തന്റെ കുഞ്ഞിനെ പരിചരിക്കുന്നതിന് പ്രതിമാസം 2000/- രൂപ നിരക്കിൽ കുട്ടിയ്ക്ക് 2 വയസ്സാകുന്നതുവരെ ധനസഹായം നൽകുന്ന പദ്ധതി.

**പരിണയം പദ്ധതി**

വികലാംഗത്വംമൂലം സാമ്പത്തിക ക്ലേശമനുഭവിക്കുന്നവരുടെ പെൺമക്കളെയും/ വികലാംഗരായ പെൺകുട്ടികളെയും നിയമാനുസൃതം വിവാഹം ചെയ്തയയ്ക്കുന്നതിനുള്ള ചിലവിലേയ്ക്കായി സാമ്പത്തിക സഹായം നൽകുന്നതിനായി സാമൂഹ്യനീതി വകുപ്പ് മുഖേന നടപ്പിലാക്കുന്ന പദ്ധതിയാണ് "പരിണയം".

**ഭിന്നശേഷിയുള്ളവർക്ക് ചികിത്സാ ധനസഹായ പദ്ധതി**

സംസ്ഥാന സർക്കാർ വികലാംഗ ദുരിതാശ്വാസനിധിയായി കോർപ്പസ് ഫണ്ടിൽ നിക്ഷേപിച്ചിട്ടുള്ള തുകയിൽ നിന്നും ലഭിക്കുന്ന പലിശത്തുക ഉപയോഗിച്ച് വികലാംഗരായ വ്യക്തികൾക്ക് ഒറ്റതവണ പരമാവധി 5,000 രൂപ വരെ ചികിത്സാധനസഹായം അനുവദിക്കുന്ന പദ്ധതി. ശാരീരിക വെല്ലുവിളികൾ/ കാഴ്ചപരമായ വെല്ലുവിളികൾ നേരിടുന്ന അഭിഭാഷകർക്ക് എക്സ്ഗ്രേഷ്യ, റീഡേഴ്സ് അലവൻസ് എന്നിവ നൽകുന്ന പദ്ധതി

സാമൂഹ്യനീതി വകുപ്പ് മുഖേന കേരള സംസ്ഥാനത്തെ കോടതികളിൽ പ്രാക്ടീസ് നടത്തുന്ന അന്ധരും അസ്ഥി വൈകല്യം ബാധിച്ചവരുമായ അഭിഭാഷകരുടെ വായനാസഹായിക്കുള്ള റീഡേഴ്സ് അലവൻസ് ആയി പ്രതിമാസം 4000/- രൂപയാണ് നൽകുന്നത്.

**സ്വാശ്രയ പദ്ധതി**

തീവ്ര ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വ്യക്തികളെ സംരക്ഷിക്കുന്ന ബി.പി.എൽ കുടുംബത്തിൽപ്പെട്ട മാതാവിന്/രക്ഷകർത്താവിന് സ്വയം തൊഴിൽ ആരംഭിക്കുന്നതിന് ഒറ്റതവണ ധനസഹായം നൽകുന്ന പദ്ധതി.

**ഭിന്നശേഷിക്കാർക്ക് വിദൂര വിദ്യാഭ്യാസത്തിന് സ്കോളർഷിപ്പ് പദ്ധതി**

ഭിന്നശേഷിയുള്ളവർക്ക് ഓപ്പൺ യൂണിവേഴ്സിറ്റി പ്രോഗ്രാം, പ്രൈവറ്റ് രജിസ്ട്രേഷൻ എന്നിവ വഴി വീട്ടിൽ തന്നെ ഇരുന്ന് പഠിക്കുന്നതിന് സ്കോളർഷിപ്പ് നൽകുന്ന പദ്ധതി.

**വിജയാമൃതം പദ്ധതി**

വൈകല്യത്തോട് പൊരുതി വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പോയി/വീട്ടിലിരുന്ന് പഠിച്ച് ഡിഗ്രി, പി.ജി / പ്രൊഫഷണൽ കോഴ്സ് എന്നീ തലത്തിൽ ഉന്നത വിജയം കരസ്ഥമാക്കിയ ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് പ്രോത്സാഹനം എന്ന തരത്തിൽ ക്യാഷ് അവാർഡ് നൽകുന്ന പദ്ധതി.

**പരിരക്ഷ പദ്ധതി**

അടിയന്തിര സാഹചര്യങ്ങൾ നേരിടേണ്ടിവരുന്ന അംഗപരിമിതർക്ക് സഹായം നൽകുന്നതിനുള്ള പദ്ധതി.

**സഹായ ഉപകരണ വിതരണ പദ്ധതി**

അംഗപരിമിതരുടെ കൃത്യ നിർവ്വഹണത്തിന് തടസ്സമാകുന്ന വൈകല്യം മറികടക്കാനുതകുന്ന സഹായ ഉപകരണങ്ങൾ നൽകുന്ന പദ്ധതി.

**സൈക്കോ സോഷ്യൽ റീഹാബിലിറ്റേഷൻ പദ്ധതി**

കേരള സൈക്കോ സോഷ്യൽ റൂൾ 2012 പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള സ്ഥാപനങ്ങൾക്കാണ് സൈക്കോ സോഷ്യൽ ഗ്രാന്റ്-ഇൻ-എയ്ഡ് നൽകി വരുന്ന പദ്ധതി.

## വയോജന വിഭാഗം

1. മന്ദഹാസം പദ്ധതി

   ദാരിദ്ര്യരേഖയ്ക്കു താഴെയുള്ള മുതിർന്ന പൗരന്മാർക്ക് കൃത്രിമ ദന്തനിര സൗജന്യമായി വച്ചുപിടിപ്പിച്ചു കൊടുക്കുന്ന പദ്ധതി.
2. വയോമധുരം പദ്ധതി

   സംസ്ഥാന സർക്കാർ ബി.പി.എൽ വിഭാഗത്തിലെ വയോജനങ്ങൾക്കായി രക്തത്തിലെ ഗ്ലൂക്കോസിന്റെ അളവ് നിർണ്ണയിക്കുന്ന ഗ്ലൂക്കോമീറ്റർ സൗജന്യമായി വിതരണം ചെയ്യുന്ന പദ്ധതി.

**പ്രൊബേഷൻ ഓഫീസുകൾ വഴി നടപ്പിലാക്കുന്ന പദ്ധതികൾ**

സാമൂഹ്യ പ്രതിരോധം

1. ജയിൽ തടവുകാരുടെ ആശ്രിതർക്ക് സ്വയം തൊഴിൽ കണ്ടെത്തുന്നതിനുള്ള ധനസഹായ പദ്ധതി

2. ജയിൽ തടവുകാരുടെ കുട്ടികൾക്കുള്ള വിദ്യാഭ്യാസ ധനസഹായ പദ്ധതി
3. ജയിൽ തടവുകാരുടെ കുട്ടികൾക്കുള്ള പ്രൊഫഷണൽ വിദ്യാഭ്യാസ ധനസഹായ പദ്ധതി
4. മുൻ കുറ്റവാളികൾ, പ്രൊബേഷണർമാർ എന്നിവർക്കായുള്ള ധനസഹായ പദ്ധതി
5. അതിക്രമത്തിനിരയായവരുടെ മക്കൾക്കുള്ള വിദ്യാഭ്യാസ ധനസഹായ പദ്ധതി
6. മാനാസികാരോഗ്യകേന്ദ്രത്തിൽ കഴിയുന്ന വിചാരണ തടവുകാരുടെയും കോടതി വിട്ടുതൽ ചെയ്തിട്ടും മാനസികാരോഗ്യ കേന്ദ്രത്തിൽ കഴിയുന്നവരുടെയും പുനരധിവാസ പദ്ധതി
7. അനാഥാലയങ്ങളിൽ സംരക്ഷിക്കപ്പെടുന്ന അന്തേവാസികൾക്ക് തൊഴിലധിഷ്ഠിത സാങ്കേതിക വിദ്യാഭ്യാസം ഉൾപ്പെടെയുള്ള ഉന്നത വിദ്യാഭ്യാസത്തിന് സാമ്പത്തിക സഹായം നൽകുന്ന പദ്ധതി.
8. ബോർഡ് ഓഫ് കൺട്രോൾ ഫോർ ഓർഫനേജ് ആന്റ് അദർ ചാരിറ്റബിൾ ഹോം അംഗീകാരമുള്ള വനിതാ ക്ഷേമ സ്ഥാപനങ്ങളിലെ അന്തേവാസികൾക്കുള്ള വിവാഹ ധനസഹായം.

## സാമൂഹ്യ നീതി ഡയറക്ടറേറ്റ് വഴി നേരിട്ട് നൽകിവരുന്ന സേവനങ്ങൾ.

### ട്രാൻസ്ജെൻഡർ വിഭാഗം

1. ട്രാൻസ്ജെൻഡർ സ്കോളർഷിപ്പ്

നിലവിൽ സ്കൂളുകളിൽ/കോളേജുകളിൽ പഠനം നടത്തിക്കൊണ്ടിരിക്കുന്ന ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് വിദ്യാഭ്യാസ സ്കോളർഷിപ് നൽകുന്ന പദ്ധതി

**2.** ട്രാൻസ്ജെൻഡർ വിദ്യാർത്ഥികൾക്ക് ഹോസ്റ്റൽ സൗകര്യം നൽകുന്ന പദ്ധതി

3.സംരംഭകത്വ വികസന പരിശീലന പരിപാടി

സംസ്ഥാനത്തെ ട്രാൻസ്ജെൻഡർ സമൂഹത്തിനു സ്ത്രീകൾക്കും പുരുഷന്മാർക്കും ഒപ്പം തുല്യമായ അവസരങ്ങളും അവകാശങ്ങളും ഉറപ്പാക്കുന്നതിന്റെ ഭാഗമായി സർക്കാർ സ്ഥാപനമായ C-STED മുഖേന നടപ്പിലാക്കുന്ന പദ്ധതി.

**4.**എച്ച് .ഐ.വി സീറോ സർവൈലൻസ് സെന്റർ

ട്രാൻസ്ജൻഡർ സമൂഹത്തിന് HIV വിമുക്തമായ ഒരു സമൂഹം കെട്ടിപ്പടുക്കുക എന്ന ലക്ഷ്യത്തോടെ സാമൂഹ്യ ക്ഷേമ ബോർഡ് വഴി പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. സെന്ററിന്റെ പ്രവർത്തനം കൃത്യമായ ഇടവേളകളിൽ വിലയിരുത്തി വരുന്നുണ്ട്.

**5. 24×7** ട്രാൻസ്ജെൻഡർ ഹെല്പ് ലൈൻ

**6.**ബ്യൂട്ടീഷൻ പരിശീലന പദ്ധതി

കേരളത്തിലെ ട്രാൻസ്ജെൻഡർ വ്യക്തികളുടെ ഉന്നമനത്തിനു വേണ്ടി പ്രവർത്തിക്കുന്ന സംഘടനയായ ധ്വയ ട്രാൻസ്ജെൻഡേഴ്സ് ആർട് സ് ആൻഡ് ചാരിറ്റബിൾ സൊസൈറ്റിയും (എറണാകുളം) സാമൂഹ്യനീതി വകുപ്പും സംയുക്തമായി നടത്തുന്ന ബ്യൂട്ടീഷൻ പരിശീലന പദ്ധതി

7.തയ്യൽ മെഷീൻ വിതരണ പദ്ധതി

ട്രാൻസ്ജൻഡർ വ്യക്തികൾക്ക് തയ്യൽ മെഷീൻ നൽകുന്ന പദ്ധതികൾ

8. ലിംഗമാറ്റ ശസ്ത്രക്രിയയ്ക്കുള്ള ധനസഹായം

ലിംഗമാറ്റ ശസ്ത്രക്രിയയ്ക്ക് വിധേയരായ ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് ധനസഹായം നൽകുന്ന പദ്ധതി.

9. SRS കഴിഞ്ഞ ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് പോഷകാഹാരത്തിനും തുടർചികിത്സയ്ക്കും സാമ്പത്തിക സഹായം നൽകുന്ന പദ്ധതി

**10.**സ്വയം തൊഴിൽ ധനസഹായം

ട്രാൻസ്ജൻഡർ സമൂഹത്തിന് പ്രത്യേക പരിഗണന നൽകി സാമൂഹ്യ പുനഃരധിവാസം ഉറപ്പാക്കുന്നതിലേക്കായി സ്വന്തമായി തൊഴിൽ കണ്ടെത്തുന്നതിനുള്ള സാമ്പത്തിക സഹായം അനുവദിക്കുന്ന പദ്ധതി.

**11.**വനിതാവികസന കോർപ്പറേഷൻ വഴി സ്വയം തൊഴിലിനുള്ള വായ്പ പദ്ധതി

**12.**ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് ഡ്രൈവിംഗ് പരിശീലനം

**13.**ട്രാൻസ്ജെൻഡർ ദമ്പതികൾക്ക് വിവാഹധനസഹായം നൽകുന്ന പദ്ധതി

**14.** കെയർ ഹോം/ ഷോർട് സ്റ്റേ ഹോമുകൾ

## സാമൂഹ്യ സുരക്ഷാ മിഷൻ

കേരള സാമൂഹ്യ സുരക്ഷാ മിഷൻ ഹെഡ് ആഫീസിലും റീജിയണൽ ആഫീസിലുമായി ആകെ 41 ജീവനക്കാർ ജോലി ചെയ്തുവരുന്നു. (ഡെപ്യൂട്ടേഷൻ – 9, കരാർ – 30, ദിവസവേതനം – 2)

സാമൂഹ്യ സുരക്ഷാ മിഷൻ മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ

1. ക്യാൻസർ സുരക്ഷാ പദ്ധതി
2. താലോലം പദ്ധതി
3. ആശ്വാസകിരണം പദ്ധതി
4. സ്നേഹസ്പർശം പദ്ധതി
5. എൻഡോസൾഫാൻ ദുരിതബാധിതർക്കു വേണ്ടിയുള്ള പദ്ധതികൾ
6. വയോമിത്രം പദ്ധതി
7. ശ്രുതിതരംഗം പദ്ധതി
8. വൈകല്യ നിർണ്ണയ മെഡിക്കൽ സർട്ടിഫിക്കേഷൻ ക്യാമ്പിലൂടെ വികലാംഗർക്ക് മെഡിക്കൽ സർട്ടിഫിക്കറ്റും തിരിച്ചറിയൽ കാർഡും തൽസമയം വിതരണം ചെയ്യുന്ന പദ്ധതി
9. സ്നേഹപൂർവ്വം പദ്ധതി
10. സമാശ്വാസം പദ്ധതി
11. വി കെയർ
12. രക്ത സംബന്ധവും നാഡീ സംബന്ധവുമായ രോഗത്താലുണ്ടാകുന്ന വൈകല്യം നിയന്ത്രിക്കുന്നതിനും മുൻകൂട്ടി രോഗം കണ്ടെത്തുന്നതിനും നിയന്ത്രിക്കുന്നതിനുമുള്ള പരിപാടികൾ.

13. ജുവനൈൽ ഡയബറ്റിസ് ബാധിച്ച കുട്ടികൾക്കുള്ള സാമൂഹ്യ സഹായ പദ്ധതി (മിഠായി)
14. അനുയാത്ര.

**<u>കേരള സംസ്ഥാന വികലാംഗ ക്ഷേമ കോർപ്പറേഷൻ</u>**

കേരള സംസ്ഥാന വികലാംഗ ക്ഷേമ കോർപ്പറേഷനിൽ ആകെ അംഗീകൃത തസ്തികകൾ 46 ആണ്.

<u>കേരള സംസ്ഥാന വികലാംഗ ക്ഷേമ കോർപ്പറേഷൻ മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ.</u>

1. ഹൈടെക് ലിംബ്, ഇലക്ട്രോണിക് വീൽചെയർ തുടങ്ങിയ ആധുനിക ഉപകരണങ്ങളുടെയും പ്രത്യേക ആവശ്യങ്ങൾക്കുള്ള മറ്റു സഹായ ഉപകരണങ്ങളുടെയും സൗജന്യ വിതരണം.
2. ട്രൈസ്കൂട്ടർ വിതരണം
3. മോട്ടോറൈസ്ഡ് മുച്ചക്രവാഹനങ്ങൾക്കുള്ള സബ്സിഡി
4. സ്വയംതൊഴിൽ പദ്ധതി (ബാങ്ക് വായ്പ പദ്ധതി)
5. സ്വയം സഹായസംഘങ്ങളുടെ പരിപോഷണം.
6. ഭിന്നശേഷിക്കാരായ ലോട്ടറി ഏജന്റുമാർക്കുള്ള സാമ്പത്തിക സഹായം (സബ്സിഡി)
7. എൻ.എച്ച്.എഫ്.ഡി.സി. വായ്പ
8. ഭിന്നശേഷിക്കാരായവർക്ക് പ്രൊഫിഷ്യൻസി അവാർഡ്
9. ഗുരുതരമായ ഭിന്നശേഷിത്വമുള്ള കുട്ടികൾക്കു വേണ്ടി സ്ഥിര നിക്ഷേപ പദ്ധതി
10. പാറശ്ശാലയിലെ സാഫല്യം പരിചരണ കേന്ദ്രം

**<u>ഓർഫനേജ് കൺട്രോൾ ബോർഡ്</u>**

1 ഓർഫനേജ് കൺട്രോൾ ബോർഡ് അംഗീകാരം നൽകിയിട്ടുള്ളതും സർക്കാർ അനുമതിയുള്ളതുമായ ക്ഷേമസ്ഥാപനങ്ങൾക്ക് ഗ്രാന്റ് നൽകുന്നു. ഒരു താമസക്കാരന് പ്രതിമാസം 1100/- രൂപ എന്ന നിരക്കിലാണ് ക്ഷേമസ്ഥാപനങ്ങൾക്ക് ഗ്രാന്റ് നല്കുന്നത്.

2. ക്ഷേമസ്ഥാപനങ്ങളിലെ പെൺകുട്ടികളുടെ വിവാഹത്തിന് 50,000/- രൂപ ധനസഹായം നല്കുന്നു. ക്ഷേമസ്ഥാപനങ്ങളിൽ +2 കഴിഞ്ഞ കുട്ടികൾക്ക് തൊഴിലധിഷ്ഠിത സാങ്കേതിക വിദ്യാഭ്യാസ പഠനത്തിന് ധനസഹായം നൽകുന്നു.